# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4615

20/10/2011 ൽ മറുപടിക്ക്

**കാര്യക്ഷമമായ ഭക്ഷ്യവിതരണം**

**ചോദ്യം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
, അൻവർ സാദത്ത്

(എ) ലക്ഷ്യമിട്ട ഭക്ഷ്യവിതരണം ഉറപ്പാക്കുന്നതിനും വിതരണ ചോർച്ച തടയുന്നതിനും എന്തെല്ലാം കർമ്മപരിപാടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

**ഉത്തരം**

ശ്രീ.ടി.എം.ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) ലക്ഷ്യമിട്ട ഭക്ഷ്യവിതരണം ഉറപ്പാക്കുന്നതിനും വിതരണ ചോർച്ച തടയുന്നതിനും കേന്ദ്ര പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നതിന് അനുവദിക്കുന്ന സാധനങ്ങൾ യഥാസമയം വിട്ടെടുത്ത് റേഷൻ കടകളിൽ എത്തിയ്ക്കുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തോടത് സംബന്ധിച്ച ഓരോ മാസവും പത്രക്കുറിപ്പ് പുറപ്പെടുവിക്കുന്നുണ്ട്. ഭക്ഷ്യധാന്യങ്ങൾ കൃത്യമായി ജനങ്ങളിലെത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മറ്റു വകുപ്പുകളുടെ (പോലീസ്,ലീഗൽ മെട്രോളജി,റവന്യൂ തുടങ്ങിയ) സഹായത്തോടെ റെയ്ഡുകൾ സംഘടിപ്പിക്കുന്നുണ്ട്. കൺസ്യൂമർ ഹെൽപ്പ്ലൈൻ നമ്പരിൽ (1800-425-1550) സൗജന്യമായി പരാതികൾ രേഖപ്പെടുത്താവുന്നതാണ്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലും പരാതികൾ രേഖപ്പെടുത്താവുന്നതാണ്. കൂടാതെ റേഷൻ മൊത്ത വ്യാപാര ഡിപ്പോകളിലും എഫ്.സി.ഐ. ഡിപ്പോകളിലും റേഷൻ വിതരണം നടത്തുന്ന സമയത്ത് മേൽ നോട്ടം വഹിക്കുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി പ്രാദേശിക ഭക്ഷ്യ ഉപദേശക വിജിലൻസ് കമ്മിറ്റികൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി യും സി യും) | ഭക്ഷ്യ വിതരണം യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭിക്കുമെന്നുറപ്പുവരുത്തുവാനും വിതരണ ചോർച്ച തടയുന്നതിനും പ്രാദേശിക ഭക്ഷ്യ ഉപദേശക വിജിലൻസ് സമിതികൾക്ക് കഴിയുന്നുണ്ട് .പ്രാദേശികമായി അറിയപ്പെടുന്നതും പൊതുജന സമ്മതരുമായ ഉപഭോക്തൃ സംഘടന പ്രതിനിധികളെയും റേഷൻ വ്യാപാരികളുടെ അസ്സോസിയേഷൻ പ്രതിനിധികളെയും ഉൾപ്പെടുത്തി പ്രസ്തുത സമിതികളെ ശക്തിപ്പെടുത്തി സംസ്ഥാന/ജില്ലാ/താലൂക്ക്/കോർപ്പറേഷൻ/പഞ്ചായത്ത്/മുനിസിപ്പൽ തലങ്ങളിൽ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത് |
| (സി) | അതിനായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.